# വിയോജന കുറിപ്പ്

2011 ജൂലൈ 12-ാം തീയതി 2011-12 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുന്നതിനിടയിൽ ശ്രീ. പി.സി വിഷ്ണുനാഥ് ബഹു. പ്രതിപക്ഷനേതാവിനെതിരായി ചില ആരോപണങ്ങൾ ഉന്നയിച്ചു. 13..07.2011-ന് ബഹു. പ്രതിപക്ഷനേതാവ് ചട്ടം 288 പ്രകാരം പ്രസ്തുത ആരോപണങ്ങൾ സംബന്ധിച്ച വ്യക്തിപരമായ വിശദീകരണം നൽകവേ ഒന്നുകിൽ ആരോപണങ്ങൾ പിൻവലിച്ച് ശ്രീ. പി.സി വിഷ്ണുനാഥ് മാപ്പ് പറയണമെന്നും അല്ലെങ്കിൽ ഒരു നിയമസഭാ സമിതി ഇതേക്കുറിച്ച് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് സംസാരിച്ച ശ്രീ. പി.സി വിഷ്ണുനാഥ് താൻ ഉന്നയിച്ച ആരോപണങ്ങളിൽ ഉറച്ചു നിൽക്കുന്നതായി പ്രസ്താവിച്ചു.

തുടർന്ന് ബഹു. പ്രതിപക്ഷനേതാവിനെതിരായ ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു പ്രത്യേക നിയമസഭാ സമിതി രൂപീകരിക്കണമെന്ന് ബഹു. സ്പീക്കർ റൂളിംഗ് നൽകുകയും 20..07..2011 പ്രാബല്യത്തിൽ പ്രത്യേക നിയമസഭാ സമിതി രൂപീകരിക്കുകയും ചെയ്തു.

ഐ.സി.ടി അക്കാദമിയുടെ ഒന്നര ലക്ഷം രൂപ പ്രതിമാസം ശമ്പളമുള്ള ഡയറക്ടർ തസ്തികയിൽ മകൻ അരുൺകുമാറിനെ (അന്നത്തെ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ) അനധികൃതമായി നിയമിച്ചുവെന്ന് 2011 ജൂലൈ 12-നാണ് ശ്രീ. പി.സി. വിഷ്ണുനാഥ് എം.എൽ.എ ആരോപിച്ചത്. എഴുതിക്കൊടുത്ത് ഉന്നയിച്ച ആരോപണമല്ല, അപകീർത്തിപ്പെടുത്തുക എന്ന ആസൂത്രിത ലക്ഷ്യത്തോടെയായിരുന്നു ആരോപണം. പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദന്റെ അസാന്നിധ്യത്തിലായിരുന്നു ആരോപണം. പിറ്റേന്ന്, അതായത്

ജൂലൈ 13-ന് നിയമസഭയിൽ ഹാജരായ പ്രതിപക്ഷനേതാവ്, തലേദിവസം തന്റെ അസാന്നിദ്ധ്യത്തിൽ തനിക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണത്തെക്കുറിച്ച് പ്രതികരിക്കാൻ അവസരത്തിനായി ആവശ്യപ്പെടുകയും അനുവദിക്കപ്പെടുകയും ചെയ്തു. ''ഐ.സി.ടി അക്കാദമി ചെയർമാനായി എന്റെ മകൻ അരുൺകുമാറിനെ ഞാൻ നിയമിച്ചുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. ഐ.സി.ടി അക്കാദമി ഡയറക്ടറുടെ നിയമനവും ശമ്പളവും സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് ബന്ധപ്പെട്ട യോഗം കൂടുന്നതിനുള്ള തീയതി ചോദിച്ചുകൊണ്ട് എനിക്ക് തന്ന ഫയലിൽ അടുത്ത ഗവർമെണ്ട് വന്ന ശേഷം തീരുമാനിക്കട്ടെ എന്നാണ് ഞാൻ ഉത്തരവിട്ടത്. വിഷ്ണുനാഥിന്റെ ആരോപണം അവാസ്തവമാണ്. ആരോപണം പിൻവലിച്ച് സഭയോട് മാപ്പ് പറയാൻ വിഷ്ണുനാഥ് തയ്യാറാകുന്നില്ലെങ്കിൽ നിയമസഭാ കമ്മിറ്റി അന്വേഷണം നടത്തണം'' എന്നാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്.

കേരള നിയമസഭയുടെ ചരിത്രത്തിൽ എന്നല്ല, ഇന്ത്യയുടെ പാർലമെണ്ടറി ചരിത്രത്തിൽ തന്നെ അപൂർവ്വമായ അനുഭവമാണ് തനിക്കെതിരായ ആരോപണ ത്തിൽ സംയുക്ത നിയമസഭാ സമിതിയുടെ അന്വേഷണം ആവശ്യപ്പെട്ട പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദന്റെ നടപടി. ആരോപണങ്ങളുയരുകയും അത് വലിയ കോലാഹലം സൃഷ്ടിക്കപ്പെടുകയും സഭാ നടപടികൾ നടത്തിക്കൊണ്ടു പോകാനാവാത്ത വിധം സ്തംഭിക്കുകയും ചെയ്യുന്ന ഘട്ടത്തിലാണ് നിയമസഭാ കമ്മിറ്റിയുടെ അഥവാ പാർലമെണ്ടറി കമ്മിറ്റിയുടെ പ്രത്യേക അന്വേഷണം പ്രഖ്യാപി ക്കപ്പെടുക പതിവ്. ആരോപണം എഴുതിക്കൊടുത്തുന്നയിച്ചതല്ല, അന്വേഷണം ആവശ്യപ്പെട്ടുമില്ല. എന്നിട്ടും ആരോപണത്തിനിരയായ ആൾ ഉന്നതതല അന്വേഷ ണം ആവശ്യപ്പെട്ട അപൂർവ സംഭവമാണുണ്ടായത്. രാഷ്ട്രീയ രംഗത്തെ ഉന്നതമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രതിപക്ഷനേതാവ് ഈ ആവശ്യമുന്നയിച്ചത്. 'ഐ.സി.ടി അക്കാദമി ഡയറക്ടറായി മകനെ അച്ഛൻ നിയമിച്ചുവെന്ന ആരോപണം' അന്വേഷിക്കണമെന്ന ആവശ്യമാണ് സഭ അംഗീകരിച്ചത്. എന്നാൽ അത് ഉത്തരവായപ്പോൾ ആരോപണങ്ങൾ എന്നായി. പിന്നീട്, ശ്രീ. വി.ഡി.സതീശൻ ചെയർമാനായ സമിതി ഭൂരിപക്ഷ പ്രകാരം

തീരുമാനിച്ചത് ശ്രീ. വിഷ്ണുനാഥ് ധനാഭ്യർത്ഥനാ ചർച്ചക്കിടയിൽ (12-07-2011) പറഞ്ഞ ആരോപണങ്ങളെല്ലാം അന്വേഷിക്കാനാണ്. ഞങ്ങൾ അതിനെ ശക്തമായി എതിർക്കുകയുണ്ടായി. അന്വേഷണം ആവശ്യപ്പെട്ട പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദനും ഇതിലെ വൈരുദ്ധ്യവും തെറ്റും ചൂണ്ടിക്കാട്ടി കത്ത് നൽകുകയുണ്ടായി. എങ്കിലും അന്വേഷണവുമായി പൂർണ്ണമായി സഹകരിക്കുകയും ചെയ്തു.

ഈ ഘട്ടത്തിൽ നിയമസഭയ്ക്കകത്തും പുറത്തും ഉണ്ടായ രണ്ട് സംഭവങ്ങൾ ചൂണ്ടിക്കാട്ടേണ്ടതുണ്ട്. നിയമസഭാ സമിതി അന്വേഷിക്കുന്ന വിഷയങ്ങളിൽ വീണ്ടും പ്രതിപക്ഷനേതാവിനെതിരെ ആരോപണ കർത്താവായ പി.സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ സഭയ്ക്കകത്ത് ദുരാരോപണങ്ങളുയർത്തുന്ന സ്ഥിതിയുണ്ടായി. ഇക്കാര്യം ഞങ്ങൾ ചൂണ്ടിക്കാട്ടിയപ്പോൾ അന്വേഷണത്തിലിരിക്കുന്ന വിഷയം വീണ്ടും സഭയിൽ പറയുന്നത് വിലക്കിക്കൊണ്ട് സ്പീക്കർ റൂളിംഗ് നൽകി.

അതിനിടെ ഹയർ എജ്യുക്കേഷൻ പ്രൊട്ടക്ഷൻ കൗൺസിൽ എന്ന പേരുള്ള ഒരു സംഘടനയുടെ ചെയർമാൻ ആർ.എസ്. ശശികുമാർ 18.07.2011-ൽ മേൽപ്പറഞ്ഞ ആരോപണങ്ങളെല്ലാം ഉൾപ്പെടുത്തി വ്യവസായ മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടിക്ക് നിവേദനം നൽകി. വ്യവസായമന്ത്രി ആ പരാതി പരിശോധിക്കുന്നതിന് വിദ്യാഭ്യാസമന്ത്രിക്ക് നൽകുന്നു. നിയമസഭാ സമിതി അന്വേഷിക്കുന്ന അതേ ആരോപണങ്ങളിൽ വിദ്യാഭ്യാസവകുപ്പുമന്ത്രി ഒരു നിഗമനത്തിലെത്തുകയും ഫയൽ മുഖ്യമന്ത്രിക്ക് അയക്കുകയും ചെയ്തു. മുഖ്യമന്ത്രി ഫിനാൻസ് ഇൻസ്പെക്ഷൻ കമ്മിറ്റിയെക്കൊണ്ട് അന്വേഷിക്കാൻ തീരുമാനിക്കുന്നു. അവർ നടത്തിയ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ഐ.എച്ച്.ആർ.ഡി ഡയറക്ടർ സുബ്രഹ്മണി, അഡീഷണൽ ഡയറക്ടർ വി.എ. അരുൺകുമാർ എന്നിവർക്കെതിരെ അച്ചടക്ക നടപടി ശുപാർശ ചെയ്തുകൊണ്ട് 2011 ഒക്ടോബർ 28-ന് ഫയൽ മുഖ്യമന്ത്രിക്ക് നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി ഡയറക്ടറെ സസ്പെന്റ് ചെയ്തുകൊണ്ട് മുഖ്യമന്ത്രി ഉത്തരവിടുന്നു. മാത്രമല്ല വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശിക്കുകയും ചെയ്തു. സഭാസമിതിയുടെ അന്വേഷണം നടന്നുകൊണ്ടിരിക്കു

മ്പോൾ എടുത്ത ഈ തീരുമാനം സഭാകമ്മറ്റിയോടും സഭാനാഥനോടും സഭയോടുമുള്ള അവഹേളനമാണ്. പരാതിക്കാരനായ ആർ.എസ്. ശശികുമാറിനെ കേരള സർവകലാശാല സിണ്ടിക്കേറ്റംഗമായി നാമനിർദ്ദേശം ചെയ്തുകൊണ്ട് പ്രത്യുപകാരം ചെയ്യുന്നു. സഭയ്ക്കകത്തെയും പുറത്തെയും അപവാദ പ്രചാരണത്തിനും ഭരണപരമായി കൈക്കൊണ്ട നടപടികൾക്കും ഒരു ഉന്നതതല ഗൂഢാലോചനയുടെ സ്വഭാവം ഇതിൽ നിന്ന് വ്യക്തമാവുന്നു. നിയമസഭാ സമിതി അന്വേഷണം നടത്തിക്കൊണ്ടിരിക്കെ സമാന്തര അന്വേഷണവും നടപടിയും അധാർമികമാണ്. ഈ വിഷയത്തിൽ നിയമസഭാ സമിതിയെ സ്വാധീനിക്കാനും തെറ്റിദ്ധരിപ്പിക്കാനും ഉദ്ദേശിച്ച് ആസൂത്രിതമായി നടത്തിയതാണ് ആർ.എസ്. ശശികുമാറിന്റെ പരാതിപ്പെടലും വിദ്യാഭ്യാസമന്ത്രി എടുത്ത നടപടിയും.

കരട് റിപ്പോർട് തയ്യാറാക്കാനായി 2012 മാർച്ച് രണ്ടിന് നടന്ന സിറ്റിംഗിൽ ഐ.എച്ച്.ആർ.ഡിയുടെ ഫിനിഷിംഗ് സ്കൂൾ, സ്പേസ് എന്നിവ സംബന്ധിച്ച് ശ്രീ. വിഷ്ണുനാഥ് ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നും അരുൺകുമാറോ മറ്റാരെങ്കിലുമോ സാമ്പത്തികമായി എന്തെങ്കിലും നേട്ടമുണ്ടാക്കുകയോ തിരിമറി നടത്തുകയോ ചെയ്തിട്ടില്ലെന്നും നിയമസഭാ സമിതി കണ്ടെത്തി.

എന്നാൽ ഐ.സി.ടി അക്കാദമി ഡയറക്ടർ സ്ഥാനത്തേക്ക് വി.എ. അരുൺ കുമാറിനെ നിയമിച്ചോ എന്നതും ഐ.എച്ച്.ആർ.ഡിയിൽ അരുൺകുമാറിനെ അഡീഷണൽ ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയതിൽ ക്രമവിരുദ്ധമായി എന്തെങ്കിലും ഉണ്ടോ എന്ന കാര്യത്തിലും ലഭ്യമായ രേഖകളും മൊഴികളും വെച്ചുള്ള നീതിപൂർവ്വവും വസ്തുനിഷ്ഠവുമായ നിഗമനത്തിലെത്തുന്നതിന് പകരം കക്ഷിരാഷ്ട്രീയ താൽപര്യത്തിലധിഷ്ഠിതമായ മുൻവിധികളാണ് ചെയർമാനെയും ഭൂരിപക്ഷത്തെയും നയിച്ചത്. പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ സഭാസമിതിയുടെ അന്വേഷണം ആവശ്യപ്പെട്ട പ്രശ്നത്തിൽ, അതായത് ഐ.സി.ടി അക്കാദമി ഡയറക്ടറായി താൻ മകനെ നിയമിച്ചോ എന്ന വിഷയത്തിൽ അന്വേഷണ വേളയിൽ ഐ.ടി വകുപ്പ് സെക്രട്ടറിയായിരുന്ന ടി. ബാലകൃഷ്ണൻ ഐ.എ.എസ്

ഉൾപ്പെടെയുള്ള എല്ലാവരുടെയും മൊഴികളിൽ നിയമിച്ചിട്ടില്ല എന്നാണ് വ്യക്തമായത്. ഫയലുകളിലെ രേഖകളിലും ഇതുതന്നെയാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. ഇത് തെളിയിക്കുന്നത് വിഷ്ണുനാഥിന്റെ ആരോപണം പച്ചക്കള്ളമാണെന്ന് അസന്ദിഗ്ധമായി തെളിഞ്ഞുവെന്നാണ്. എന്നാൽ സംയുക്ത നിയമസഭാ സമിതിയിൽ ഭൂരിപക്ഷം ഉപയോഗിച്ച് ദുർവ്യാഖ്യാനങ്ങളിലൂടെ തെറ്റായ നിഗമനം അംഗീകരിപ്പിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്.

ശ്രീ. പി.സി വിഷ്ണുനാഥിന്റെ നിയമസഭാ പ്രസംഗമാണ് നിയമസഭാ സമിതി അടിസ്ഥാന രേഖയായി പരിഗണിച്ചത്. അദ്ദേഹം ഉന്നയിച്ച പതിനൊന്ന് ആരോപണങ്ങളിൽ ഏഴെണ്ണം പ്രഥമദൃഷ്ട്യാ തന്നെ തള്ളിക്കളഞ്ഞു. ബാക്കി നാലിൽ രണ്ടെണ്ണവും അടിസ്ഥാനരഹിതമാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. ഒരു സർക്കാർ രേഖയോ സാക്ഷിമൊഴിയോ വി.എസ് അച്യുതാനന്ദനെതിരെ സമിതിക്ക് മുമ്പാകെ വന്നിട്ടില്ല. എന്നാൽ ശ്രീ. വിഷ്ണുനാഥിന്റെ മാനം രക്ഷിക്കാൻ ഒരു നിയമസഭാ സമിതിക്ക് ചേരാത്ത വിധം തങ്ങളുടെ ഊഹങ്ങൾ കുത്തിനിറയ്ക്കാനാണ് ഭൂരിപക്ഷം ഉപയോഗിച്ച് ശ്രമിച്ചതെന്നത് നിർഭാഗ്യകരമാണ്. ഫാക്ട് ഫൈൻഡിങ്ങ് റിപ്പോർട്ടിൽ സാക്ഷിമൊഴികൾ ചുരുക്കിയെഴുതിയതിൽ പോലും വ്യക്തമായ പക്ഷപാതം കാണാം.

ആരോപണം ഉന്നയിക്കുകയും അന്വേഷണം നടന്നാൽ തെളിവ് തരാമെന്ന് നിയമസഭയിൽ ഉൾപ്പെടെ പറയുകയും ചെയ്ത ശ്രീ. വിഷ്ണുനാഥ് ഒരു തെളിവും ഹാജരാക്കിയിട്ടില്ല, എന്നുമാത്രമല്ല, സഭയിൽ ഉൾപ്പെടെ ഉന്നയിച്ച ആരോപണങ്ങൾ പലതും സമിതി അംഗങ്ങൾ ചോദിച്ചപ്പോൾ ഒഴിഞ്ഞുമാറുകയാണ് അദ്ദേഹം ചെയ്തത്. ഉദാഹരണത്തിന് എം.സി.എ സപ്ലിമെന്ററി എഴുതി പാസ്സായ ആളാണ് അരുൺ കുമാർ എന്ന് നിയമസഭയിൽ പറഞ്ഞ അദ്ദേഹം കമ്മിറ്റി മുമ്പാകെ മൊഴി നൽകിയപ്പോൾ ഇക്കാര്യം ''അത് ഒന്നു കൂടി പരിശോധിച്ച് പറയാം'' എന്ന് പറഞ്ഞൊഴികയാണ് ചെയ്തത്. സംഭാംഗങ്ങൾക്കുള്ള പ്രിവലേജ് ഇത്തരത്തിൽ ദുരുപയോഗം ചെയ്യുന്നത് ശിരയാണോ എന്ന് ആലോചിക്കണം.

## ഐ.സി.ടി അക്കാദമി

ഐ.സി.ടി അക്കാദമി ഒരു സംസ്ഥാന സർക്കാർ പദ്ധതിയാണ്. തമിഴ്നാട് സർക്കാരിന്റെ ഐ.സി.ടി പദ്ധതിയുടെ മോഡലിൽ പി.പി.പി ആയാണ് ഇതിന്റെ പ്രൊപ്പോസൽ സംസ്ഥാന ഐ.ടി വകുപ്പ് തയ്യാറാക്കിയത്. കേന്ദ്ര സഹായത്തിനായി പ്രൊപ്പോസൽ അവർക്ക് അയച്ചു കൊടുത്തു. മൂന്ന് വർഷത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കണം എന്ന നിബന്ധനയോടെ കേന്ദ്രം ആറ് കോടി രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ പി.പി.പി മോഡലിൽ ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിരുന്ന KSITIL എന്ന സ്ഥാപനത്തിന് 26 മാസത്തിന് ശേഷവും ടെൻഡർ നടപടികൾ ആരംഭിക്കാൻ പോലും സാധിച്ചില്ല. ഇതിന് പ്രത്യേക ചുമതല നൽകിയ ശ്രീ. ബിജു. ഐ.എ.എസ് കുറെ നടപടികൾ എടുത്തുവെങ്കിലും ഫലപ്രദമായി പ്രൈവറ്റ് പാർട്ണറെ കണ്ടുപിടിക്കുന്നതിന് കഴിയാതെ പോയി. പ്രൈവറ്റ് പാർട്ണർ എന്ന നിലയിൽ സഹകരിക്കാൻ തയ്യാറായി വന്നത് തിരുവനന്തപുരം ടെക്നോ പാർക്കിലെ കോഫി ഷാപ്പ് നടത്തുന്നവർ മാത്രമാണ്. ഇത് ശ്രീ. ബിജു ഐ.എ.എസിന്റെ മൊഴിയിൽ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ സമയം ഈ പദ്ധതി ഏറ്റെടുക്കാൻ തയ്യാറാണെന്ന് ഐ.എച്ച്.ആർ.ഡി സംസ്ഥാന ഐ.ടി വകുപ്പിനെ അറിയിച്ചു. പി.പി.പി മോഡലിൽ നിന്നും മാറ്റി ഐ.എച്ച്.ആർ.ഡിയെ ഈ പദ്ധതി ഏൽപ്പിക്കാമോ എന്നാരാഞ്ഞുകൊണ്ട് ഐ.ടി സെക്രട്ടറി മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ് അച്യുതാനന്ദന് ഉത്തരവിനായി ഫയൽ സമർപ്പിച്ചുവെങ്കിലും അദ്ദേഹം 16..08..2010-ൽ "ഇമ്പ്ലിമെന്റിംഗ് ഏജൻസി, ഇമ്പ്ലിമെന്റിംഗ് ഓഫീസർ, ഐ.ടി സെക്രട്ടറി, ഐ.എച്ച്.ആർ.ഡി ഡയറക്ടർ എന്നിവരുടെ യോഗം വിളിച്ച് ചർച്ചചെയ്ത് മിനുട്സ് സമർപ്പിക്കുന്ന"തിനാണ് ഉത്തരവിട്ടത്. പ്രസ്തുത കമ്മിറ്റിയുടെ തീരുമാനം ക്യാബിനറ്റിന് വിടുകയാണുണ്ടായത്. ഇത് സംബന്ധിച്ച് ക്യാബിനറ്റ് ഒരു നയപരമായ തീരുമാനമെടുത്തു. ഐ.എച്ച്.ആർ.ഡി മികച്ച നിലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഫിനിഷിംഗ് സ്കൂളുമായി ഏതാണ്ട് സാമ്യമുള്ള ഒരു പദ്ധതിയാണ് ഐ.സി.ടി അക്കാഡമി. ആയതിനാൽ ഐ.സി.ടി അക്കാഡമി നടപ്പിലാക്കുന്നതിനുള്ള എ

ഭൗതിക സാഹചര്യങ്ങളും ഐ.എച്ച്.ആർ.ഡിക്ക് ഉണ്ടെന്ന് ഐ.എച്ച്.ആർ.ഡിയുടെ മുൻ ഡയറക്ടറും ഇപ്പോഴത്തെ ഡയറക്ടറും ഹയർ എജ്യുക്കേഷൻ സെക്രട്ടറിയും ഉൾപ്പെടെയുള്ള എല്ലാവരും മൊഴി നൽകിയിട്ടുണ്ട്. ഫിനിഷിംഗ് സ്കൂളും ഇപ്രകാരം പി.പി മോഡലിൽ നടപ്പിലാക്കാൻ വിഭാവനം ചെയ്ത പദ്ധതിയായിരുന്നു. സംസ്ഥാന സർക്കാരിന്റെ പൊതുമേഖലയോടുള്ള സമീപനത്തിന്റെ വെളിച്ചത്തിലാണ് ഇതും ഐ.എച്ച്.ആർ.ഡിയെ ഏൽപ്പിച്ചത്. പ്രതിപക്ഷനേതാവിന്റെ മൊഴിയിൽ ഇക്കാര്യം അർത്ഥശങ്കയ്ക്കിടിയില്ലാതെ വ്യക്തമാക്കിയിട്ടുണ്ട്. ''ഞങ്ങൾക്ക് പൊതുമേഖലയോട് പ്രത്യേക താൽപ്പര്യമുണ്ട്'' എന്നതാണത്. അത് നയപരമായ കാര്യമാണ്. അപ്രകാരം ക്യാബിനറ്റ് തീരുമാനിക്കുകയാണുണ്ടായത്. മുകളിൽ പറഞ്ഞതിൽ നിന്നും ഈ പ്രക്രിയ അരുൺകുമാറിനെ സഹായിക്കാനാണ് എന്നുള്ളത് തികച്ചും ദുർവ്യാഖ്യാനവും രാഷ്ട്രീയപ്രേരിതവുമാണ്. ശ്രീ. അരുൺ കുമാറിനെ സഹായിക്കാനായിരുന്നെങ്കിൽ കേന്ദ്ര സർക്കാരിന് നൽകിയ പ്രൊപ്പോസലിൽ തന്നെ ഐ.എച്ച്. ആർ.ഡിയെ ഉൾപ്പെടുത്താമായിരുന്നല്ലോ? പൊതുമേഖലയിലെ സൗകര്യം ഉപയോഗപ്പെടുത്തുക, പൊതുമേഖലയുടെ ശേഷി വർദ്ധിപ്പിക്കുക, പൊതുമേഖലയെ വളർത്തുക എന്നത് സർക്കാരിന്റെ നയമാണ്. ഐ.സി.ടി അക്കാഡമി മുക്കാൽപങ്കും സ്വകാര്യമേഖലയിലാക്കുക എന്നതിൽ നിന്നും മാറ്റി പൂർണമായും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിന്റെ കീഴിൽ ആക്കുക എന്ന സദുദ്ദേശ്യത്തോടെയും പൊതു താൽപ്പര്യത്തോടെയുമുള്ള നടപടിയെ ദുർവ്യാഖ്യാനം ചെയ്യുകയാണ് നിയമസഭാ സമിതിയിലെ ഭൂരിപക്ഷം ചെയ്തിരിക്കുന്നത്. ഐ.എച്ച്.ആർ.ഡി എന്ന സർക്കാർ സ്ഥാപനത്തിൽ നൂറുകണക്കിന് ജീവനക്കാരുണ്ടെന്നും അതൊരു മഹത്തായ സ്ഥാപനമാണെന്നും ബഹുമാനപ്പെട്ട ചെയർമാൻ തന്നെ പറഞ്ഞിട്ടുണ്ട്. അതിൽ അരുൺകുമാറും ഉൾപ്പെടും എന്നതിനാൽ അരുൺകുമാറിന്റെ സ്ഥാപനം എന്ന നിലയ്ക്ക് വക്രീകരിച്ചും വ്യാജമായും കാണുന്നതിന് എന്താണ് ന്യായീകരണം. ഐ.സി.ടി അക്കാദമിയുടെ നടത്തിപ്പ് ഐ.എച്ച്.ആർ.ഡിക്ക് നൽകിയത് സംസ്ഥാനത്തിന്റെ ഉത്തമതാൽപ്പര്യം സംരക്ഷിക്കുന്ന നടപടിയായി വേണം കാണാൻ. ഡയറക്ടർ നിയമനവുമായി അതിന് യാതൊരു ബന്ധവുമില്ല.

ഐ.എച്ച്.ആർ.ഡി നൽകിയ പ്രൊപ്പോസൽ അനുസരിച്ച് ഐ.സി.ടി അക്കാദമി ഡയറക്ടറെ നിയമിക്കാനുള്ള അവകാശം ഐ.എച്ച്.ആർഡിക്കാണ്. എന്നാൽ സർക്കാർ അത് അംഗീകരിച്ചില്ല. ഇത് സർക്കാർ ഫയലിൽ നിന്നും മന്ത്രിസഭാ തീരുമാനത്തിൽ നിന്നും ഉദ്യോഗസ്ഥ മൊഴികളിൽ നിന്നും വ്യക്തമാണ്, പ്രത്യേകിച്ച് ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസിന്റെ മൊഴിയിൽ നിന്നും. ഐ.സി.ടി അക്കാഡമി ഡയറക്ടറെ നിയമിക്കാനുള്ള അവകാശം സർക്കാരിനാണ് എന്ന് സമിതി ചെയർമാൻ തന്നെ സിറ്റിംഗിൽ പലതവണ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. അരുൺ കുമാറിനെ ഐ.സി.ടി അക്കാഡമി ഡയറക്ടർ ആക്കണമെന്ന് ഐ.എച്ച്.ആർ.ഡി സർക്കാരിനോട് ശുപാർശ ചെയ്യുകയും ഇത് സർക്കാർ നിരാകരിക്കുകയും അടുത്ത സർക്കാർ തീരുമാനമെടുക്കട്ടെ എന്ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ് അച്യുതാനന്ദൻ സ്വന്തം കൈപ്പടയിൽ സർക്കാർ ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശ്രീ. പി.സി വിഷ്ണുനാഥിന്റെ മൊഴി രേഖപ്പെടുത്തിയപ്പോൾ കമ്മിറ്റി അംഗമായ ശ്രീ. എസ്. ശർമ്മയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം ഇപ്രകാരം മൊഴിനൽകി. "അദ്ദേഹം ആ മീറ്റിങ്ങിൽ പങ്കെടുത്തു. അദ്ദേഹത്തോടൊപ്പം (വി.എസ്. അച്യുതാനന്ദൻ) തന്നെ ഒപ്പിട്ടു. പക്ഷെ അദ്ദേഹത്തെ നിയമിച്ചിട്ടില്ല. അങ്ങ് പറയുന്ന ഒരു സർക്കാർ ഉത്തരവ് ഉണ്ടോ എന്നുള്ളത് മാത്രമാണ്" എന്നാണ് ശ്രീ. വിഷ്ണുനാഥ് പറഞ്ഞത്. ഇതിൽ നിന്നും സർക്കാർ ഉത്തരവ് ഉണ്ടായിട്ടില്ലെന്ന് ആരോപണമുന്നയിച്ച ബഹുമാനപ്പെട്ട എം.എൽ.എ തന്നെ സമ്മതിച്ചിരിക്കുകയാണ്. ഇത് ബോധ്യപ്പെട്ടിട്ടും ഇല്ലെന്ന് നടിക്കുന്നത് രാഷ്ട്രീയ പ്രേരിതമാണ്. മുഖ്യമന്ത്രി എന്ന നിലയിൽ ശ്രീ. വി.എസ് അച്യുതാനന്ദൻ ആകെ മൂന്ന് പ്രാവശ്യമാണ് ഈ ഫയൽ കണ്ടിട്ടുള്ളത്. ഒന്നാമതായി ഐ.എച്ച്.ആർ.ഡിക്ക് ഈ പദ്ധതി നൽകാമോ എന്ന് തീരുമാനത്തിന് വേണ്ടിയാണ്. അപ്പോൾ ബന്ധപ്പെട്ടവരുടെ മീറ്റിങ്ങ് വിളിച്ച് മിനുട്സ് സമർപ്പിക്കുന്നതിനാണ് ഉത്തരവിട്ടത്. രണ്ടാമതായി മന്ത്രിസഭയിൽ സമർപ്പിക്കുന്നതിനുവേണ്ടിയാണ്. മൂന്നാമതായി ഐ.സി.ടി ഡയറക്ടറുടെ നിയമനത്തിനുവേണ്ടി ഗവേണിംഗ് ബോഡി വിളിച്ചുകൂട്ടുന്നതിനുള്ള ഉത്തരവിനുവേണ്ടിയാണ്. അതിൽ അടുത്ത സർക്കാരിന് സമർപ്പിക്കാനാണ് ഉത്തരവിട്ടത്. ഈ മൂന്ന് സന്ദർഭങ്ങളിലും സ്വജനപക്ഷപാതപരമായ യാതൊരു തീരുമാനവും വി.എസ്. അച്യുതാനന്ദൻ എടുത്തില്ലെന്ന് പകൽപോലെ വ്യക്തമാണ്.

കമ്മിറ്റിയിൽ രണ്ട് ക്ലറിക്കൽ തെറ്റുകൾ ഉയർത്തിക്കാട്ടിയാണ് ഭൂരിപക്ഷമുപ യോഗിച്ച് തെറ്റായ നിഗമനം തീരുമാനമായി അടിച്ചേൽപ്പിക്കുന്നത്. ഒന്ന് ഐ.എച്ച്.ആർ.ഡി നൽകിയ ഡ്രാഫ്റ്റ് എം.ഒ.എയിൽ തിരുത്തൽ വരുത്തിയപ്പോൾ ഡയറക്ടറെ നിയമിക്കുന്നത് സർക്കാരായിരിക്കും എന്ന തിരുത്തൽ ഒരു സ്ഥലത്തുവരുത്താൻ ഉദ്യോഗസ്ഥർ വിട്ടുപോയി. നിയമപരമായി ഒരു സാംഗത്യവുമില്ലാത്ത ഏതു സമയത്തും തിരുത്തൽ വരുത്താവുന്നതുമായ ഒരു സാങ്കേതിക പിഴവ് മാത്രമാണിത്. ഇക്കാര്യത്തിന് നിയമപരമായ സാധ്യതയുണ്ട്. മാത്രമല്ല, ജനറൽ ക്ലോസ് ആക്ടിൽ ഇപ്രകാരം ഒരു സംഗതി വന്നാൽ എന്തുചെയ്യണമെന്ന് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിന്റെ നിർവ്വചനത്തിന് ബഹു. സുപ്രീംകോടതി നൽകിയ വ്യാഖ്യാനത്തിൽ, "ഒരു നിയമത്തിന്റെയോ ബൈലോയുടെയോ ആദ്യ ഭാഗത്ത് എന്ത് പറയുന്നുവോ അതിന് മാത്രമായിരിക്കും ആ നിയമത്തിന്റെ പ്രാബല്യമുള്ളത്. ശേഷമുള്ള ഭാഗത്ത് ആദ്യം പറഞ്ഞതിന് വ്യത്യസ്തമായി എന്തെങ്കിലും ഉണ്ടെങ്കിൽ അത് ആദ്യം പറഞ്ഞപ്രകാരം തിരുത്തപ്പെടേണ്ടതാണ്". (സുപ്രീംകോടതിയുടെ 1964-ലെ വിധി എ.ഐ.ആർ 1964) ഇക്കാര്യം ചെയർമാൻ തന്നെ സമിതി സിറ്റിങ്ങിൽ സമ്മതിച്ചിട്ടുള്ളതാണ്. എന്നിട്ടും തീരുമാനത്തിന്റെ ഘട്ടം വന്നപ്പോൾ ഈ വിഷയത്തിൽ അത് കണ്ടില്ലെന്ന് നടിക്കുന്നത് ശരിയായ നടപടിയല്ല. സർക്കാരും സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സ്ഥാപനവും തമ്മിലുള്ള സാങ്കേതിക ആവശ്യത്തിന് മാത്രമുള്ളതാണ് ഈ എം.ഒ.എ എന്നതും ശ്രദ്ധേയമാണ്.

രണ്ടാമത് ശ്രീ. അരുൺകുമാർ ഡയറക്ടർ എന്ന് രേഖപ്പെടുത്തിയാണ് ഐ.സി.ടി അക്കാഡമി രജിസ്റ്റർ ചെയ്തിരിക്കുന്നത് എന്ന കാര്യം. സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിന്റെ 4-ാം വകുപ്പിലും 7(3) വകുപ്പിലും വ്യക്തമായിപറയുന്നത് സൊസൈറ്റി രജിസ്റ്റർ ചെയ്ത് ഗവേണിംഗ് ബോഡി കൂടി ഭാരവാഹികളെ നിശ്ചയിച്ച് രജിസ്ട്രാറെ 14 ദിവസത്തിനകം അറിയിച്ചാൽ മാത്രമെ അതിന് നിയമസാധുതയുള്ളു എന്നാണ്. ഇവിടെ ആദ്യ ഗവേണിംഗ് ബോഡി ഇതുവരെ കൂടിയിട്ടില്ല. ഭാരവാഹികളെ നിശ്ചയിച്ച് അറിയിച്ചിട്ടുമില്ല. അതിനാൽ ഈ ആരോപണത്തിന് യാതൊരു നിയമസാധുതയുമില്ല. ആദ്യ കമ്മിറ്റിയായ പ്രൊമോട്ടിംഗ് കമ്മിറ്റിക്ക് രജിസ്ട്രേഷന്

...ശമുള്ളു. സൊസൈറ്റി രജിസ്ട്രേഷനു വേണ്ടി ഒപ്പിടുന്നവർ ഒരി ...വാഹികളാകണമെന്നില്ല. ഇവിടെ നിയമനങ്ങൾ നടത്തേണ്ടത് സർക്കാർ ...വിലൂടെയാണ്. ഐ.എച്ച്.ആർ.ഡിയോ സഹമന്ത്രിമാരോ എന്ത് തീരുമാനമെടു ...താവും ഒരു ക്യാബിനറ്റിന്റെ തലവൻ എന്ന നിലയിൽ മുഖ്യമന്ത്രിയുടേതാണ് അവസാനവാക്ക്. ഇവിടെ മുഖ്യമന്ത്രി കൃത്യമായും വ്യക്തമായും എടുത്ത തീരുമാനം ഡയറക്ടറുടെ നിയമനം അടുത്ത സർക്കാരിന് വിടുകയാണെന്നാണ്. തന്റെ കൈവശം വന്ന ഫയലിൽ ഇപ്രകാരം ഉത്തരവിട്ടതിൽ നിന്നും അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധി വ്യക്തമാണ്. ആയതിനാൽ രജിസ്ട്രേഷന് നൽകിയ ഫാറത്തിൽ ശ്രീ. അരുൺ കുമാർ ഡയറക്ടർ എന്ന് എഴുതി ഒപ്പിട്ടതോ ഐഎച്ച്.ആർ.ഡി അരുൺ കുമാറിനെ രജിസ്ട്രേഷന് ചുമതലപ്പെടുത്തിയതുകൊണ്ടോ അദ്ദേഹത്തിന് ഡയറക്ടർ എന്ന നിയമനം ലഭിച്ചു എന്ന് വാദിക്കുന്നത് ദുരുദ്ദേശ്യപരമാണ്, രാഷ്ട്രീയപ്രേരിതമാണ്.

## ഐ.എച്ച്.ആർ.ഡി പ്രൊമോഷനുകൾ

ഐ.എച്ച്.ആർ.ഡിയിൽ അരുൺകുമാറിന് ലഭിച്ച പ്രൊമോഷനുകളിൽ ശ്രീ. വി.എസ്. അച്യുതാനന്ദൻ ഇടപെട്ടോ എന്നതാണ് സമിതി അന്വേഷിച്ച മറ്റൊരുവിഷയം. ഇല്ലായെന്ന് അസന്ദിഗ്ധമായി തെളിഞ്ഞപ്പോൾ സാങ്കേതിക വാദങ്ങൾ ഉയർത്തി ജാള്യം മറയ്ക്കാനാണ് സമിതിയിലെ യു.ഡി.എഫ് അംഗങ്ങൾ ശ്രമിക്കുന്നത്.

ഈ പ്രശ്നത്തിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. അബ്രഹാം വിശദീകരണം നൽകിയിട്ടുണ്ട്. ''ഐ.എച്ച് ആർഡി യുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ അനുസരിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ് പോസ്റ്റ് ക്രിയേഷൻ പവർ കൊടുത്തിരിക്കുന്നത്". ഐ.എച്ച്.ആർ.ഡിയുടെ അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. അരുൺകുമാറിനെ 1997-ലാണ് നിയമിച്ചത്. 2005 ൽ അരുൺകുമാറിന് ജോയിന്റ് ഡയറക്ടറായി ഫുൾ അഡീഷണൽ ചാർജ് നൽകി.

യു.ഡി.എഫ് സർക്കാരിന്റെ കാലത്താണത്. 2008-ൽ അരുൺ കുമാറിനെ ജോയിന്റ് ഡയറക്ടറായി റഗുലറൈസ് ചെയ്തു. 2010-ൽ അദ്ദേഹം അഡീഷണൽ ഡയറക്ടറായി.

ഇവിടെ വന്ന ഒരു സാങ്കേതിക പ്രശ്നം, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം ഗവേണിംഗ് ബോഡി അംഗീകരിക്കുന്നതിനു മുൻകാല പ്രാബല്യം നൽകിയില്ല എന്നതും അതിനു മുമ്പുതന്നെ നിയമനം നടന്നു എന്നുള്ളതുമാണ്. അഡീഷണൽ ഡയറക്ടർക്ക് വേണ്ട സ്പെഷ്യൽ റൂൾസ് അമൻഡ് ചെയ്ത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം റാറ്റിഫൈ ചെയ്യുമ്പോൾ ഗവേണിംഗ് ബോഡി അതിന് പ്രോസ്പെക്ടീവ് എഫക്ട് മാത്രമെ നൽകിയുള്ളു എന്നത് വെറും സാങ്കേതികമാണ്. മുൻ വിദ്യാഭ്യാസ മന്ത്രി ശ്രീ. എം.എ ബേബിയും മുൻ ഹയർ എജ്യുക്കേഷൻ സെക്രട്ടറി ശ്രീ. കുരുവിള ജോണും ഐ.എച്ച്.ആർ.ഡി ഡയറക്ടറും നൽകിയ മൊഴി ഇവിടെ വളരെ പ്രസക്തമാണ്. 83-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി 27.07.2009-ൽ കൂടിയാണ് പുതിയ മൂന്ന് അഡീഷണൽ ഡയറക്ടർ പോസ്റ്റുകൾ സൃഷ്ടിക്കുന്നതും അതിന്റെ യോഗ്യതകൾ നിശ്ചയിക്കുന്നതും. പ്രസ്തുത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ മറ്റൊരു തീരുമാനം കൂടിയെടുത്തു. അത് ഐ.എച്ച്.ആർ.ഡിയിൽ ഗ്രാറ്റുവിറ്റി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു. മുകളിൽ പറഞ്ഞ രണ്ട് തീരുമാനങ്ങളും 28.07.2009-ലെ ഗവേണിംഗ് ബോഡിയിൽ അംഗീകരിക്കുന്നതിന് വേണ്ടി സർക്കുലേഷൻ നടത്തിയതായി ബഹു. വിദ്യാഭ്യാസ മന്ത്രി മൊഴി നൽകിയിട്ടുണ്ട്. സെക്രട്ടറിയും ഡയറക്ടറും അപ്രകാരം തന്നെ മൊഴി നൽകിയിട്ടുണ്ട്. എന്നാൽ അതിന്റെ മിനുട്സ് കാണുന്നില്ലായെന്ന കാരണം പറഞ്ഞ് കമ്മിറ്റി ഇക്കാര്യം നിരസിക്കുകയാണുണ്ടായത്. എന്നാൽ പ്രസ്തുത ഗവേണിംഗ് ബോഡിയിലെ മറ്റൊരു തീരുമാനമായ ഗ്രാറ്റുവിറ്റി നടപ്പിലാക്കൽ 28.07.2009 മുതൽ ഐ.എച്ച്.ആർ.ഡിയിൽ നടപ്പാക്കി. ഇതിൽ നിന്നും യോഗ്യത നിശ്ചയിച്ചതും തസ്തിക സൃഷ്ടിച്ചതും ഗവേണിംഗ് ബോഡി അംഗീകരിച്ചുവെന്നത് വ്യക്തമാണ്. ഇതിന് പുറമെ നിയമനം ലഭിച്ച മൂന്ന് അഡീഷണൽ ഡയറക്റ്റർമാർ 07..02..2011-ലെ ഗവേണിംഗ് ബോഡിയിൽപങ്കെടുത്തിരുന്നു. ഇവരുടെ നിയമനം അംഗീകരിക്കപ്പെട്ടതായി കണക്കാക്കിയിരുന്നില്ലെങ്കിൽ അവരെ ഗവേണിംഗ് ബോഡിയിൽ പങ്കെടുപ്പിക്കാൻ കഴിയുമായിരുന്നില്ല. അതായത്, ഈ മൂന്നുപേരുടെയും നിയമനം ഗവേണിംഗ് ബോഡി അംഗീകരിച്ചിരുന്നു. ഇല്ലെന്നാണ് സാങ്കേതികവാദമെ

ങ്കിൽ അന്ന് ഇവർകൂടി പങ്കെടുത്ത് നടന്ന ഗവേണിംഗ് ബോഡിയുടെ തീരുമാന ങ്ങളും അസാധുവാകണം.

ശ്രീ. വി.എ.അരുൺകുമാർ 1997 ലാണ് ഐ.എച്ച്.ആർ.ഡിയിൽ ജോലിക്ക് ചേരുന്നത്. MCA, MBL, LLB, Deploma Cyber Law തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ യോഗ്യത. ശ്രീ. വി.എ. അരുൺകുമാറിന് ജോയിന്റ് ഡയറക്ടറുടെ ഫുൾ ചാർജ് ലഭിക്കുന്നത് 2005 ലാണ്. പിന്നീട് 2008-ൽ ജോയിന്റ് ഡയറക്ടർ ആയി പ്രമോഷൻ ലഭിച്ചു. promotion through selection എന്ന രീതിയിൽ ഇന്റർവ്യൂ നടത്തിയാണ് പ്രമോഷൻ നൽകിയത്.

അന്ന് ഇന്റർവ്യൂ ബോർഡിൽ ഉണ്ടായിരുന്നവരുടെ തീരുമാനത്തെ ആരും ചോദ്യം ചെയ്തിട്ടില്ല. അഡീഷണൽ ഡയറക്ടറായി അദ്ദേഹത്തിന് പ്രമോഷൻ ലഭിക്കുന്നത് 2010 സെപ്റ്റംബർ 15 നാണ്. 27-07-2009-ൽ ഐ.എച്ച്.ആർ.ഡി എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയാണ് അഡീഷണൽ ഡയറക്ടർമാരുടെ എണ്ണം ഒന്നിൽ നിന്ന് മൂന്നായി വർദ്ധിപ്പിക്കാനും ഫീഡർ കാറ്റഗറിയിലുള്ള എല്ലാവർക്കും പ്രമോഷനുള്ള എലിജിബിലിറ്റി നൽകാനുമുള്ള തീരുമാനം എടുത്തത്. അപ്പോൾ അഡീഷണൽ ഡയറക്ടർ എന്ന തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. തീരുമാനമെടുത്ത ഐ.എച്ച്.ആർ.ഡി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഇവരാണ്.

Hon'ble Minister for Education
Pricipal Secretary to Goverment, Higher Education Department
Secretary, Finance (Expenditure)
Director, ER & DC
Additional Director, IHRD
Director, IHRD
Nominated representative from the Governing body

ഇവരാരും ഏതെങ്കിലും സ്വാധീനത്തിനു വഴങ്ങിയോ ഏതെങ്കിലും വ്യക്തിയെ സഹായിക്കാനോ ആണ് ഇത്തരം തീരുമാനമെടുത്തത് എന്നും കരുതാവുന്ന ഒരു തെളിവും മൊഴിയും സമിതിക്ക് ലഭിച്ചിട്ടില്ല.

എം.സി.എ ഫസ്റ്റ് ക്ലാസോടെ പാസായി 1997-ൽ ഐ.എച്ച്.ആർ.ഡിയിൽ ചേർന്ന ശ്രീ. അരുൺകുമാറിന് കഴിഞ്ഞ 14 വർഷത്തിനിടയിൽ ലഭിച്ച രണ്ട് പ്രൊമോഷനുകൾ എന്തോ അപരാധമാണെന്ന് ചിത്രീകരിക്കുന്നത് സാമാന്യനീതിക്ക് നിരക്കുന്നതല്ല. ഇതിൽ ജോയിന്റ് ഡയറക്ടറുടെ മുഴുവൻ അഡീഷണൽ ചാർജ്ജ് ശ്രീ. അരുൺ കുമാറിന് ലഭിച്ചത് ശ്രീ. ഇ.ടി മുഹമ്മദ് ബഷീർ വിദ്യാഭ്യാസമന്ത്രിയായിരുന്ന ഘട്ടത്തിലാണ്. 2008-ൽ ശ്രീ. അരുൺ കുമാറിന് ജോയിന്റ് ഡയറക്ടർ ആയി പ്രമോഷൻ ലഭിക്കുന്നതിന് വളരെ മുമ്പുതന്നെ അതായത് 1996-ൽ ജോയിന്റ് ഡയറക്ടറുടെ യോഗ്യതയിൽ ഭേദഗതി വരുത്തിയിരുന്നു. പ്രസ്തുത ഭേദഗതി പ്രകാരം 1996 മുതൽ അരുൺ കുമാറിന് ജോയിന്റ് ഡയറക്ടർ ആകാനുള്ള യോഗ്യത ഐ.എച്ച്.ആർ.ഡി റൂൾസിൽ നിലവിലുണ്ടായിരുന്നു. ജോയിന്റ് ഡയറക്ടർ ആയും അഡീ. ഡയറക്ടറായും അദ്ദേഹത്തിന് പ്രമോഷൻ ലഭിച്ചത് ഉന്നത ഐ.എ.എസ് ഉദ്യോഗസ്ഥർ അംഗങ്ങളായ സമിതി (ഡി.പി.സി) ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതയും പ്രവൃത്തിപരിചയവും പരിശോധിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ ചെയ്ത് മെറിറ്റടിസ്ഥാനത്തിൽ ആയിരുന്നു. ഇന്റർവ്യൂ ബോർഡിൽ എന്തെങ്കിലും അപാകതയുള്ളതായി സമിതിക്ക് ബോധ്യപ്പെട്ടിട്ടില്ല. അത്തരം ആക്ഷേപവുമില്ല. ഇത്തരം പ്രമോഷനുകൾക്ക് ടീച്ചിംഗ് എക്സ്പീരിയൻസ് വേണമെന്നുള്ള വാദവും തെറ്റാണ്. ഐ.എച്ച്.ആർ.ഡിയുടെ നോംസ് അനുസരിച്ച് ടീച്ചിംഗ്/ഇൻഡസ്ട്രിയൽ എക്സപീരിയൻസ് ആണ് വേണ്ട യോഗ്യത. ഒരു സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ഇൻസ്ട്രിയൽ എക്സ്പീരിയൻസ് എന്നുപറഞ്ഞാൽ ആ സ്ഥാപനത്തിലെ പ്രവർത്തന പരിചയമാണ്. ഈ നിർവ്വചനം ഇന്റർനാഷണൽ ലേബർ നിയമങ്ങൾ അംഗീകരിക്കുന്നതാണ്. ആയതിനാൽ ഇതിലൊന്നും അസ്വാഭാവികമായി ഒന്നും കണ്ടെത്താൻ സമിതിക്ക് കഴിഞ്ഞിട്ടില്ല.

എന്നാൽ ഇക്കാര്യങ്ങൾ പരിഗണിക്കാൻ കമ്മിറ്റി തയ്യാറായില്ലായെന്നത് തെറ്റായ കീഴ്‌വഴക്കമാണ് സൃഷ്ടിക്കാൻ പോകുന്നത്. എന്നുമാത്രമല്ല, ഇത് ഐ.എച്ച്.ആർ.ഡി യുടെ ആഭ്യന്തരകാര്യവുമാണ്.

ആറ് കോടി രൂപയുടെ അഴിമതി ആരോപണമാണ് ശ്രീ. വിഷ്ണുനാഥ് ഉന്നയിച്ചത്. അഞ്ചരക്കോടി രൂപ സ്പേസിനും നാൽപ്പഞ്ച് ലക്ഷം രൂപ ICFOSS നും ക്രമവിരുദ്ധമായി നൽകിയെന്നും ഇത് രണ്ടും അരുൺകുമാറുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളായിരുന്നു എന്നും മോഡൽ ഫിനിഷിങ്ങ് സ്കൂളിന്റെ ഡയറക്ടറായി അരുൺ കുമാറിനെ നിയമിച്ചുവെന്നും അവിടെ സാമ്പത്തിക അച്ചടക്കം പാലിച്ചില്ലെന്നുമായിരുന്നു ആരോപണം. ഇത് സംബന്ധിച്ച എല്ലാം തെളിവുകളും തന്റെ കൈവശമുണ്ടെന്നാണ് ശ്രീ. പി.സി വിഷ്ണുനാഥ് നിയമസഭയിൽ പറഞ്ഞത്. ഇന്നാൽ ഇക്കാര്യങ്ങളിലൊന്നും മുകളിൽ പറഞ്ഞ വിഷയങ്ങളുടെ കാര്യത്തിലെന്നപോലെ തന്നെ യാതൊരു തെളിവും അദ്ദേഹത്തിന് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. സ്പേസിനേയും ഫിനിഷിങ്ങ് സ്കൂളിനേയും സംബന്ധിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് സമിതിക്ക് പൂർണമായും വ്യക്തമായിരിക്കുന്നു. ഇത്തരം നിരുത്തരവാദപരമായ ആരോപണം ഉന്നയിക്കുന്ന സാമാജികർ പൊതുപണവും നിയമസഭയുടെ സമയവും അപഹരിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. പി.സി വിഷ്ണുനാഥ് ഉന്നയിച്ച ഒരു ആരോപണം സംബന്ധിച്ച് വസ്തുതാന്വേഷണം നടത്തുന്നതിനാണ് പ്രതിപക്ഷനേതാവ് ആവശ്യപ്പെട്ടത്. പ്രതിപക്ഷനേതാവ് അന്വേഷണം ആവശ്യപ്പെട്ട ആരോപണം ഉൾപ്പെടെ വിഷ്ണുനാഥിന്റെ പ്രസംഗത്തിലെ മുഴുവൻ ആരോപണങ്ങളും അന്വേഷിക്കാനാണ് സ്പീക്കർ അനുമതി നൽകിയത്. ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും നാല് വീതം അംഗങ്ങളും ഭരണപക്ഷത്തുനിന്നുള്ള മറ്റൊരംഗം ചെയർമാനുമായ കമ്മിറ്റിയാണ് അന്വേഷണം നടത്തിയത്. ഇത്തരമൊരു കമ്മിറ്റിയിൽ നിഷ്പക്ഷത പാലിക്കാൻ ബാധ്യതപ്പെട്ട ചെയർമാൻ, കക്ഷി താൽപ്പര്യം പ്രകടിപ്പിക്കുന്ന സ്ഥിതിയാണുണ്ടായത്. അധ്യക്ഷൻ നിഷ്പക്ഷമതി എന്നതിനു പകരം ആരോപണകർത്താവിന്റെ വക്താവിനെപ്പോലെ പ്രവർത്തിച്ചുവെന്നത് ഫാക്ട് ഫൈൻഡിംഗ് റിപ്പോർട്ടിൽ നിന്നുതന്നെ വ്യക്തമാണ്;

അത് നിർഭാഗ്യകരമാണ്. അതിന്റെ താൽപര്യം തീരുമാനമായി അടിച്ചേൽപ്പിക്കുന്നതിനായി ഒരു ഘട്ടത്തിൽ തനിക്ക് കാസ്റ്റിംഗ് വോട്ടുണ്ട്, അത് പ്രയോഗിക്കും എന്നുവരെ അദ്ദേഹം പറയുകയുണ്ടായി. വസ്തുതാന്വേഷണത്തിനുള്ള സഭാസമിതി എന്ന തത്വം തന്നെ അപ്രസക്തമാക്കുന്ന അനുഭവമാണ് ചെയർമാനിൽ നിന്നും ഉണ്ടായത്.

ഇവിടെ സംഭവിച്ചിരിക്കുന്നത് സഭയോടും സഭാധ്യക്ഷനോടുമുള്ള അവഹേളനമാണ്. ചെയർമാൻ, ഭൂരിപക്ഷം എന്നീ അധികാരങ്ങൾ ഉപയോഗിച്ച് അസത്യത്തെ സത്യമാക്കി വ്യാഖ്യാനിക്കുകയും ദുർവ്യാഖ്യാനം നിറഞ്ഞ വാർത്തകൾ നിരന്തരം മാധ്യമങ്ങൾക്ക് നൽകുകയും ചെയ്ത അനുഭവം ഇത്തരം നിയമസഭാ സമിതികളുടെ പ്രസക്തി തന്നെ ചോദ്യം ചെയ്യുന്നതാണ്.

നിയമസഭാ സമിതിക്ക് ലഭിച്ച മൊഴികളും രേഖകളും പ്രകാരം ശ്രീ. വിഷ്ണുനാഥിന്റെ ആരോപണങ്ങൾ അവാസ്തവമാണെന്നാണ് വ്യക്തമായത്. എന്നാൽ ഐ.സി.ടി അക്കാഡമിയുടെ കാര്യത്തിലും ഐ.എച്ച്.ആർ.ഡിയിലെ പ്രൊമോഷൻ കാര്യത്തിലും വസ്തുതാവിരുദ്ധവും ആത്മനിഷ്ഠവുമായ തീരുമാനമാണ് ചെയർമാനിൽ നിന്നും ഭരണപക്ഷാംഗങ്ങളിൽ നിന്നും ഉണ്ടായത്. ഇക്കാര്യത്തിൽ ഞങ്ങളുടെ പൂർണ്ണമായ വിയോജിപ്പോടെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അതുകൊണ്ട് ഞങ്ങൾക്ക് ഈ കാര്യത്തിലുള്ള വിയോജിപ്പ് റിപ്പോർട്ടിന്റെ ഭാഗമായി ചേർക്കണമെന്ന് ആവശ്യപ്പെടുകയാണ്. കമ്മിറ്റിയുടെ രാഷ്ട്രീയ പ്രേരിതമായ തീരുമാനങ്ങളെ ഞങ്ങൾ ശക്തമായി എതിർക്കുകയാണ്.